**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5065** **14-03-2023 - ൽ മറുപടിയ്ക്ക്**

**പുതുപ്പാടി കൈതപ്പൊയിൽ ജി.എം.യു.പി. സ്കൂളിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി ധനസഹായത്തോടെ നിർമ്മിക്കുന്ന പുതുപ്പാടി പഞ്ചായത്തിലെ കൈതപ്പൊയിൽ ജി.എം.യു.പി. സ്കൂളിന്റെ നിർമ്മാണ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | 1 കോടി കിഫ്‌ബി ധനസഹായത്തോടെ നിർമ്മിക്കുന്ന പുതുപ്പാടി പഞ്ചായത്തിലെ കൈതപ്പൊയിൽ ജി.എം.യു.പി. സ്കൂളിന്റെ നിർമ്മാണം 92% ത്തോളം പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഡി.പി.ആർ. ൽ നിന്നും വ്യത്യസ്തമായി നിർമ്മാണ സമയത്ത് വന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഡി.പി.ആർ. ൽ നിന്നും വ്യത്യസ്തമായി നിർമ്മാണ സമയത്ത് മാറ്റങ്ങൾ വന്നു. നിലവിലുള്ള earth work, quarry muck, DR.work filling, hand rail എന്നിവ 25% നിലവിലുള്ള അളവിനേക്കാളും അധികരിച്ചതിനാലും electrical 7 item extra വന്നതിനാലും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായി വന്നതായി കില അറിയിച്ചിട്ടുണ്ട് .<br><br>മേൽപ്പറഞ്ഞ മാറ്റങ്ങൾ ഉൾപ്പെടുത്തിയുള്ള പുതുക്കിയ എസ്റ്റിമേറ്റ് കില പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിയിൽ, ഭേദഗതി വന്നവയ്ക്ക് അനുമതി നൽകുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) | കൈതപ്പൊയിൽ ജി.എം.യു.പി. സ്കൂൾ കോവിഡ് ഡൊമസ്റ്റിക്ക് കെയർ സെന്റർ (DCC) ആയി പ്രവർത്തിച്ചതിനാലും, അതിവർഷം കാരണവും ഏകദേശം 3 മാസം പ്രവൃത്തികൾ നിർത്തി വയ്ക്കേണ്ടതായി വന്നിട്ടുള്ളതിനാലുമാണ് നിർമ്മാണത്തിന് കാലതാമസം നേരിട്ടതെന്ന് കിലയിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ റിവിഷൻ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പരിശോധിച്ചു വരുന്നു. എത്രയും വേഗം അംഗീകാരം നൽകാൻ കഴിയുമെന്നാണ് കില അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ